(സി) സംഘങ്ങൾക്ക് ബ്രാഞ്ചുകൾ അനുവദിക്കാൻ സഹകരണ രജിസ്ട്രാർ സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ?

ഉത്തരം

(എ) 92 ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് പുതുതായി ബ്രാഞ്ചുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) 52 അപേക്ഷകൾ. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	..	6
2.	കൊല്ലം	..	3
3.	പത്തനംതിട്ട	..	..
4.	കോട്ടയം	..	2
5.	ആലപ്പുഴ	..	4
6.	ഇടുക്കി	..	3
7.	എറണാകുളം	..	2
8.	തൃശ്ശൂർ	..	3
9.	പാലക്കാട്	..	2
10.	മലപ്പുറം	..	8
11.	കോഴിക്കോട്	..	7
12.	വയനാട്	..	1
13.	കണ്ണൂർ	..	8
14.	കാസർഗോഡ്	..	3
	ആകെ	..	52

(സി) ഇല്ല.

സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തന പുരോഗതി

142 [3547] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ പി. ജയരാജൻ:
„ കെ. പി. സതീശ് ചന്ദ്രൻ:
„ പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ ഭാഗമായി ആരംഭിച്ച സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ കോടതിയിൽ ഇതിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര എണ്ണം ഇതിനകം തീർപ്പാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കോടതിയുടെ പ്രവർത്തനത്തിന് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക എത്രയാണ്;

(ഇ) ആർബിട്രേഷൻ കോടതിയുടെ പ്രവർത്തനസ്ഥലം ഇല്ലാത്തതു മൂലവും സാമ്പത്തിക പരാധീനതമൂലവും നിശ്ചലമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ ആർബിട്രേഷൻ കോടതി 13-2-2003 മുതൽ പ്രവർത്തിച്ചു തുടങ്ങി. ഈ കോടതിയിൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തു വരുന്നു. സഹകരണസംഘം രജിസ്ട്രാറുടേയും അദ്ദേഹത്തിന്റെ കീഴിലുള്ള ആഫീസുകളിലും ഫയൽ ചെയ്തിട്ടുള്ള പണസംബന്ധമല്ലാത്ത കേസുകളും കൈമാറ്റം ചെയ്തുവരുന്നു. പുതിയ കേസുകൾ വിചാരണയിലാണ്. ചില കേസുകളിൽ ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുണ്ട്.

(ബി) 22 പുതിയ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ ഫയൽ ചെയ്തിരുന്നതും വിചാരണയിലിരിക്കുന്നതുമായ പണം സംബന്ധിച്ച 62 കേസുകളും തീർപ്പാക്കുന്നതിനായി ഈ കോടതിയിലേക്കു കൈമാറിയിട്ടുണ്ട്.

(സി) ഒന്നും തീർപ്പാക്കിയിട്ടില്ല.

(ഡി) 7,75,000 രൂപ (ഏഴുലക്ഷത്തി എഴുപത്തി അയ്യായിരം രൂപ).

(ഇ) സ്ഥലപരിമിതി ഉണ്ടെങ്കിലും പ്രവർത്തനം നിശ്ചലമായിട്ടില്ല.

(എഫ്) സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും കൂടുതൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ഥാപിക്കപ്പെട്ട കൺസ്യൂമർ സ്റ്റോറുകൾ

143 [3548] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ സ്ഥാപനങ്ങളിലൂടെ സ്ഥാപിക്കപ്പെട്ട കൺസ്യൂമർ സ്റ്റോറുകളുടേയും പച്ചക്കറി സ്റ്റാളുകളുടേയും നിലനിൽപ്പിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly